"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്-കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് -പ്ലാൻ പദ്ധതികളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോജക്ട് സ്റ്റാഫുകളുടെ സേവനം 2025 മാർച്ച് 31 വരെ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.413/2024/P&EA തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:-
1. 19.10.2023 ലെ സ.ഉ (കൈ)നം.18/2023/പി&ഇഎ
2. 22.06.2024 ലെ സ.ഉ.(സാധാ)നം.231/2024/പി&ഇഎ
3. കേരള സംസ്ഥാന ഭൂവിനിയോഗ കമ്മീഷണറുടെ 28.09.2024-ലെ എൽ.യു.ബി/139/2024-എ നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2023-24 സാമ്പത്തിക വർഷത്തെ വിവിധ പ്ലാൻ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് 64 പ്രോജക്ട് സ്റ്റാഫുകളെ നടപടിക്രമങ്ങൾ പാലിച്ച് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം(1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് മുഖേന 2023-24 സാമ്പത്തിക വർഷം 41 പ്രോജക്ട് സ്റ്റാഫുകളെ മാത്രമേ നിയമിക്കുവാൻ സാധിച്ചിരുന്നുള്ളു. തുടർന്ന്, 2023-24 സാമ്പത്തിക വർഷം എംപ്ലോയ്മെൻ്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായിരുന്ന 41 പ്രോജക്ട് സ്റ്റാഫുകളെ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ഒരു വർഷത്തേക്ക് തുടരുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. ഇപ്രകാരം സേവന കാലാവധി നീട്ടിക്കിട്ടി, നിലവിൽ പ്ലാൻ പദ്ധതികളിൽ ജോലി ചെയ്യുന്ന പ്രോജക്ട് സ്റ്റാഫുകൾ 2024 നവംബർ, ഡിസംബർ മാസങ്ങളിലായി ഒരു വർഷത്തെ സേവന കാലാവധി പൂർത്തിയാക്കുകയാണെന്നും നടപ്പു സാമ്പത്തിക വർഷം പ്രോജക്ട് സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതും നിലവിൽ ജോലി ചെയ്ത് വരുന്ന പ്രോജക്ട് സ്റ്റാഫുകൾ കാലാവധി പൂർത്തിയാക്കി വിടുതൽ ചെയ്യുന്നതും, പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ

സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കുന്നതിൽ പ്രായോഗിക തടസ്സം സൃഷ്ടിക്കുന്നതും പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നതാണെന്നും ഭൂവിനിയോഗ കമ്മീഷണർ അറിയിച്ചിരുന്നു. മേൽ സാഹചര്യങ്ങൾ കണക്കിലെടുത്ത് പ്ലാൻ പദ്ധതികളുടെ സമയബന്ധിതവും കാര്യക്ഷമവുമായ നടത്തിപ്പിന് നിലവിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോജക്ട് സ്റ്റാഫുകളുടെ സേവനം 2025 മാർച്ച് 31 വരെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം താത്കാലികമായി കരാറടിസ്ഥാനത്തിൽ ദീർഘിപ്പിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ഭൂവിനിയോഗ കമ്മീഷണർ പരാമർശം(3)പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ പ്ലാൻ പദ്ധതികളുടെ സമയബന്ധിതവും കാര്യക്ഷമവുമായ നടത്തിപ്പിനായി, പദ്ധതി പുനക്രമീകരണം നടത്തുമ്പോൾ പ്രൊജക്ട് സ്റ്റാഫിന്റെ എണ്ണത്തിൽ കുറവ് വരികയാണെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരുടെ എണ്ണത്തിൽ വ്യത്യാസം വരുത്തേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, നിലവിൽ പ്ലാൻ പദ്ധതികളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്രോജക്ട് സ്റ്റാഫുകളുടെ സേവനം 2025 മാർച്ച് 31 വരെ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം താത്കാലികമായി കരാറടിസ്ഥാനത്തിൽ ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മനോജ് കെ എസ്
അണ്ടർ സെക്രട്ടറി

1. ഭൂവിനിയോഗ കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം,
4. ധനകാര്യ വകുപ്പ് (2906131: EXP-B3/304/2024-FIN)
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി(PLGEA-B1/181/2024-PLGEA)

ഉത്തരവിൻ പ്രകാരം

Signed by
Anu Surendran
Date: 14-11-2024 11:03:44
സെക്ഷൻ ഓഫീസർ